റാവു ബഹദൂർ ടി. കെ. നായർ: മ. ം ം രൂപയ്ക്കു മേലുള്ളവർ ഇതിൽ ഉൾപ്പെട്ടിട്ടില്ല. അതിൽ താഴെയുള്ളവരുടെ കായ്മാണ റിവിഷനിൽ പെടുത്തിയിരിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മ. ം ം-ൽ താഴെയുള്ളവരിൽ തന്നെ പേറിവിഷനിൽ പെടാത്തവരുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ. ഇല്ലെന്നാണു തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഉണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ അവരുടെ കായ്ം ഗവമ്മെണ്ടു് ആലോചിക്കാമോ?

റാവു ബഹദൂർ ടി. കെ. നായർ: ആരാണെന്നു പറഞ്ഞാൽ അതിനു സമാധാനം പറയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ലാൻറ് മോട്ട്ഗേജ് ബാങ്ക് സിക്രട്ടറിയെ ഇതിൽ പെടുത്തിയിട്ടില്ല.

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ അനവധി ആളുകൾ ഉണ്ടാകും.

LOSS OF KUTTADAN CULTIVATION—PARTICULARS OF

250. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സഭയം മറുപടി പറയുമോ.—

(എ) ക ക ഠ ം-ൽ കുട്ടാടൻകൃഷി മിക്കവാറും നശിച്ചുപോയതായി ഗവമ്മെണ്ടിനറിയാമോ;

(ബി) എത്രത്തോളമാണു് നഷ്ടം നേരിട്ടിരിക്കുന്നതെന്നു് ഗവമ്മെണ്ടു് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) നഷ്ടപരിഹാരത്തിനായി കൃഷിക്കാർ ഗവമ്മെണ്ടിന്റെ സഹായം തേടുകയുണ്ടായിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഗവമ്മെണ്ടു് എന്തു തീരുമാനമാണു് ചെയ്തിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉള്ളിവപേരൂർ താലൂക്കിൽ കുറെ സ്ഥലത്തു നശിച്ചുപോയതായി അറിവുണ്ടു്.

(ബി) ഉവ്വു്. ര ൻ വ ഏക്കർ ക ര ¼ സെൻറ് സ്ഥലത്തെ കൃഷിക്കു് നഷ്ടം നേരിട്ടിട്ടുണ്ടു്.

(സി) ഉവ്വു്.

(ഡി) ടി സ്ഥലത്തെ നികുതി ഫ,ഡ ന്റെ ക. ഫ ര ണ. ഫ ം പൈ ഇളവുചെയ്തു കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എന്നാണു നികുതി ഇളവുചെയ്തു കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ക ക— ക ക—' ര ൻ-ൽ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വിളവു നശിച്ചു വളരെക്കാലം കഴിഞ്ഞിട്ടല്ലേ ഇങ്ങിനെ ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി അന്വേഷിക്കുകയാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിനു് ഇത്ര അമാന്തം വരുത്തിയതുകൊണ്ടു പല കൃഷിക്കാരും പാട്ടം കൊടുത്തു കഴിഞ്ഞിട്ടുണ്ടാകയില്ലേ? അവർ പാട്ടം കൊടുത്തുകഴിഞ്ഞതുകൊണ്ടു് ഗവമ്മെണ്ടു് ഇളവു ചെയ്തതു അവക്കു ഇളവുചെയ്തു കിട്ടാൻ ബുദ്ധിമുട്ടല്ലേ?

മിസ്റ്റർ പറമ്പിലോനപ്പൻ: നികുതിയാണു് ഇളവുചെയ്തുകൊടുത്തതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: കൂടുതൽ പാട്ടം കൊടുത്തിട്ടുണ്ടെങ്കിൽ അതു മടക്കിമേടിയ്ക്കാൻ വല്ല വഴിയുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിയമമുണ്ടെങ്കിൽ മടക്കി വാങ്ങിക്കാം.

മിസ്റ്റർ കെ. ടി. അച്യുതൻ: അതിനു വല്ല നിയമവുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

LIBRARY ARCHIVES Kerala Legislative Assembly